4677

(83)

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന സ്പെഷ്യൽ ട്രൈബൽ ആശ്രയ പ്രോജക്ടുകൾക്ക് ആകെ അടങ്കൽ തുകയുടെ 40 ശതമാനം അഥവാ പരമാവധി 40 ലക്ഷം രൂപ ചലഞ്ച് ഫണ്ട് ഇനത്തിൽ ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാ)നം. 2565 /10/തസ്വഭവ** **തിരുവനന്തപുരം, തീയതി: 04 /8/2010.**

---

പരാമർശം:-
1. 14/5/2007 ലെ സ.ഉ (എം.എസ്) നമ്പർ 128/2007/തസ്വഭവ.
2. 16/1/2010 ലെ സ.ഉ (എംഎസ്) നമ്പർ 12/2010/തസ്വഭവ.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15/3/2010 ലെ കെ.എസ്/എൽ/2346/2002 നമ്പർ കുറിപ്പ്.
4. 28/6/2010 ലെ കോർഡിനേഷൻ കമ്മറ്റിയുടെ 2.24 നമ്പർ തീരുമാനം.

**ഉത്തരവ്**

കേരളത്തിൽ ഉയർന്ന മാനവ വികസനവും അതിന്റെ സവിശേഷതയായ നീതിപൂർവ്വക വിതരണവും ഉണ്ടെങ്കിൽത്തന്നെയും പട്ടികവർഗ്ഗ സമൂഹം പാർശ്വവത്ക്കരിക്കപ്പെടുകയും വികസനപാതയിൽ നിന്നും കൂടുതൽ പിന്തള്ളപ്പെട്ട് വേറിട്ടുപോവുകയും ചെയ്യുന്ന അപകടകരമായ സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ അവസ്ഥകൾ പരിഹരിക്കുന്നതിനായി പട്ടികവർഗ്ഗ മേഖലയിൽ വിവിധ വകുപ്പുകളുടെ പരിപാടികളുടെ സംയോജനത്തിലൂടെ വരുമാനദായകവും സാമൂഹ്യ അഭിവൃദ്ധി സാധ്യമാക്കുന്നതുമായ പ്രവർത്തനങ്ങൾ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ ഏറ്റെടുത്ത് നടപ്പിലാക്കി വരികായാണ്. പതിനൊന്നാം പദ്ധതി മാർഗ്ഗരേഖയിൽ പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഭാഗമായി പ്രത്യേക പരിചരണ സേവന ഘടകങ്ങൾക്കായി കുറഞ്ഞത് 50 ശതമാനം തുക പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിൽ നിന്നും മാറ്റിവയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

പട്ടികവർഗ്ഗമേഖലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആശ്രയ പ്രോജക്ട് പരിശോധിച്ചപ്പോൾ പട്ടികവർഗ്ഗ വിഭാഗത്തിലെ ഭൂരിഭാഗം അഗതികളും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് മനസ്സിലാക്കാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ട്രൈബൽ സ്പെഷ്യൽ പ്രോജക്ടിന്റെ ഭാഗമായി ഈ വിഭാഗക്കാർക്കു വേണ്ടി പ്രത്യേക ആശ്രയ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾക്ക് കുടുംബശ്രീ തുടക്കം കുറിച്ചത്.

പട്ടികവർഗ്ഗ ആശ്രയ പ്രോജക്ടുകളിൽ പ്രധാനമായും അതിജീവനാവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിനുള്ള തുകയാണ് ചലഞ്ച് ഫണ്ടിൽ നിന്നും പ്രതീക്ഷിക്കുന്നതെന്നും കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന ഇത്തരം പട്ടിക വർഗ്ഗ അഗതി ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യ വികസനം ഒഴികെയുള്ള ആവശ്യങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന മുഴുവൻ തുകയും സൂചന (1, 2) യിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി ചലഞ്ച് ഫണ്ട് ഇനത്തിൽ നൽകുന്നതിനുള്ള അനുമതി ആവശ്യമാണെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം മൂന്ന് പ്രകാരം സർക്കാരിനെ അറിയിച്ചിരിക്കുന്നു. കൂടാതെപട്ടികവർഗ്ഗ ആശ്രയ പദ്ധതികൾക്ക് ചലഞ്ച് ഫണ്ടിൽ നിന്നുള്ള പരമാവധി വിഹിതം 15 ലക്ഷം രൂപയായി നിജപ്പെടുത്തേണ്ടതില്ലായെന്നും മിറച്ച് ആകെ അടങ്കൽ തുകയുടെ 40 ശതമാനം അല്ലെങ്കിൽ പരമാവധി 40 ലക്ഷം രൂപ ചലഞ്ച്ഫണ്ടിനത്തിൽ നൽകുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പട്ടികവർഗ സ്പെഷ്യൽ ആശ്രയ പ്രോജക്ടുകൾക്ക് ആകെ അടങ്കൽ തുകയുടെ 40 ശതമാനം അഥവാ പരമാവധി 40 ലക്ഷം രൂപ കുടുംബശ്രീയിൽ നിന്നും ചലഞ്ച് ഫണ്ട് ഇനത്തിൽ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
പി.ശ്യാമള
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പിന് (13/7/2010 ലെ 27696/ഡിഎ1/2010/തസ്വഭവ നമ്പർ കുറിപ്പ് പ്രകാരം)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ